**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 7** **23-01-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. പരീക്ഷകളിലെ ചോദ്യങ്ങളിൽ ന്യൂനത കടന്നുകൂടുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചോദ്യങ്ങളിലെ ന്യൂനത കാരണമോ മറ്റേതെങ്കിലും കാരണങ്ങളാലോ കേരള പി.എസ്.സി. 2024-ൽ നടത്തിയ ഏതൊക്കെ പരീക്ഷകളിൽ എത്ര ചോദ്യങ്ങൾ വീതം അന്തിമ ഉത്തരസൂചികകളിൽ ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; 2024-ൽ കേരള പി.എസ്.സി. നടത്തിയ പരീക്ഷകളിൽ ചോദ്യങ്ങൾ ഒഴിവാക്കപ്പെട്ട പരീക്ഷകളും ഓരോ പരീക്ഷയിലും ഒഴിവാക്കപ്പെട്ട ചോദ്യങ്ങളുടെ എണ്ണവും സംബന്ധിച്ച വിശദവിവരം തരം തിരിച്ച് ലഭ്യമാക്കാമോ; | (എ) | 219 അന്തിമ ഉത്തരസൂചികകളിൽ നിന്നും ചോദ്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ചോദ്യങ്ങൾ ഒഴിവാക്കപ്പെട്ട പരീക്ഷകളും, ഓരോ പരീക്ഷകളിലും ഒഴിവാക്കപ്പെട്ട ചോദ്യങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരം പി.എസ്.സി ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം കാരണങ്ങളാലാണ് പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ അന്തിമ ഉത്തരസൂചികകൾ പ്രസിദ്ധീകരിക്കപ്പെടുമ്പോൾ ചോദ്യങ്ങൾ ഒഴിവാക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | OMR, Online പരീക്ഷയ്ക്ക് ശേഷം പ്രസിദ്ധീകരിക്കുന്ന പ്രാഥമിക ഉത്തരസൂചികയിൻമേൽ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന പരാതികൾ വിദഗ്ധ സമിതി പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ട് അനുസരിച്ചാണ് അന്തിമ ഉത്തരസൂചിക പ്രസിദ്ധീകരിക്കുമ്പോൾ ഉത്തരങ്ങളുടെ ഓപ്ഷനുകൾ മാറ്റി നിശ്ചയിക്കുകയോ ചോദ്യങ്ങൾ ഒഴിവാക്കപ്പെടുകയോ ചെയ്യുന്നത്. |
| (സി) | പി.എസ്.സി. നടത്തുന്ന പരീക്ഷകളിലെ അന്തിമ ഉത്തരസൂചികയിൽ ഒഴിവാക്കപ്പെട്ടത് എന്ന് കാണിക്കുന്ന ചോദ്യങ്ങൾ ഒഴിവാക്കിയാണോ മൂല്യനിർണയം പൂർത്തിയാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഒഴിവാക്കപ്പെട്ട ചോദ്യങ്ങളുടെ മാർക്ക് ഒഴിവാക്കിയ ശേഷം ബാക്കിയുള്ള ചോദ്യങ്ങളുടെ മാർക്ക് അടിസ്ഥാനമാക്കിയാണോ റാങ്ക് ലിസ്റ്റ് തയ്യാറാക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; | (സി) | അന്തിമ ഉത്തരസൂചികയിലെ ഒഴിവാക്കപ്പെട്ട (deleted) ചോദ്യങ്ങൾ ഒഴിവാക്കിയാണ് മൂല്യനിർണ്ണയം നടത്തുന്നത്. ഒന്നിലേറെ ഘട്ടങ്ങളിലായി നടക്കുന്ന പരീക്ഷകളിൽ (പൊതു പ്രാഥമിക പരീക്ഷകൾ മുതലായവ) മൂല്യനിർണ്ണയം പൂർത്തിയാക്കിയ ശേഷം വിവിധഘട്ടങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്കുകൾ, ഇത് പരിശോധിക്കുന്നതിനായി രൂപീകരിക്കുന്ന വിദഗ്ധർ (stastisticians) അടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ട് അനുസരിച്ച് നിർദ്ദേശിക്കുന്ന മാർക്ക് സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയയിലൂടെ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന മാർക്ക് അനുസരിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുക. |

| | | | |
|---|---|---|---|
| (ഡി) | പി.എസ്.സി. നടത്തുന്ന തൊണ്ണൂറ് ശതമാനം പരീക്ഷകളിലും അഞ്ച് ശതമാനത്തോളം ചോദ്യങ്ങൾ ഉദ്യോഗാർത്ഥികളുടെ ആത്മവിശ്വാസം തകർക്കുന്നവിധം ഒഴിവാക്കപ്പെടേണ്ടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച സാഹചര്യം ചെയ്യേണ്ടിഉണ്ടാകുന്നത് പരിശോധിച്ച് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ചോദ്യങ്ങൾ തയ്യാറാക്കുന്നത് അതാത് അക്കാഡമിക് മേഖലകളിലെ വിദഗ്ധരാണ്. ന്യൂനതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ അതാത് അവസരങ്ങളിൽ കൈക്കൊള്ളുന്നുണ്ട്. |
| (ഇ) | പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് ന്യൂനതയില്ലാത്ത ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ആയത് വ്യക്തമാക്കാമോ? | (ഇ) | ചോദ്യങ്ങൾ തയ്യാറാക്കുന്നത് അതാത് അക്കാഡമിക് മേഖലകളിലെ വിദഗ്ധരാണ്. ന്യൂനതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ അതാത് അവസരങ്ങളിൽ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ